# പിറവം പള്ളിയും
# വിശുദ്ധ രാജാക്കളും

പി.തോമസ് പിറവം

പിറവം പള്ളിയും വിശുദ്ധ രാജാക്കളും

**Piravom Palliyum Visudha Rajakkalum**

Malayalam/ History

Author: P.Thomas, Piravom

First Published: 2012 December

Copies: 1000

Publisher: Joice Thottackad, Sophia Books, 2nd Floor,

Kandathil Building, Thirunakkara, Kottayam. 686001

Printing: Sophia Print House, Kottayam.

Price: ₹5

# പിറവം പള്ളിയും വിശുദ്ധ രാജാക്കളും

പിറവം മർത്തമറിയം പള്ളി ഉണ്ണിയേശുവിനെ വന്ദിച്ച വി. രാജാക്കളുടെ നാമത്തിലുള്ളതാണെന്നും അത് സ്ഥാപിച്ചത് ആ രാജാക്കന്മാർ തന്നെയാണെന്നും ചില പ്രചാരണങ്ങൾ ഉണ്ടായിട്ടുണ്ട്. പള്ളിയുടെ പേരിനോട് 'രാജാധിരാജ' എന്നൊരു വിശേഷണവും ഇപ്പോൾ ചിലർ ചേർത്തുവരുന്നു. രാജാധിരാജ എന്ന പ്രയോഗത്തിന്റെ സാധുത എന്തുമാത്രമെന്ന് അതു പ്രയോഗിക്കുന്നവർക്ക് മാത്രം ഗ്രാഹ്യമുള്ള ഒരു നിഗൂഢതയാണെന്ന് തോന്നുന്നു. 'രാജാധിരാജ ... പള്ളി' എന്നാണ് സൂചനയെങ്കിൽ ക്രിസ്തുവിന്റെ പള്ളിയെന്നാകാം. രാജാധിരാജ സെന്റ് മേരീസ് എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ കന്യകമറിയാമിനോട് രാജാധിരാജ എങ്ങനെ ഇണങ്ങും? വിശുദ്ധരാജാക്കളെ സൂചിപ്പിക്കുവാനാണെങ്കിൽ അത് അർത്ഥശൂന്യമായ വിചിത്രപ്രയോഗത്തിന് നല്ല ഉദാഹരണവും സഭാപാരമ്പര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയുടെ വെളിപ്പെടുത്തലും ആണ്. ഈ സാഹചര്യത്തിൽ പിറവം പള്ളിയും രാജാക്കളും എന്നതിലേക്ക് ഒരന്വേഷണത്തിനാണ് ഇവിടെ തുനിയുന്നത്.

പിറവം പള്ളിയെ സംബന്ധിച്ച ചില എഴുത്തുകാരുടെ അഭിപ്രായങ്ങൾ എടുത്തു ചേർക്കുന്നു.

ശ്രീ എ. ശ്രീധരമേനോൻ: '... പിറവത്തുള്ള സെന്റ് മേരിയുടെ പഴയ ഓർത്തഡോക്സ് പള്ളി കേരളത്തിലുള്ള പഴയ ഓർത്തഡോക്സ് ദേവാലയങ്ങളിൽ ഒന്നാണ്. യേശുക്രിസ്തുവിന്റെ അവതാരത്തെക്കുറിച്ച് സൂചനകൾ ലഭിച്ചപ്പോൾ ബേതിലെഹേമിലേക്ക് കിഴക്കുനിന്നും പുറപ്പെട്ട ബുദ്ധിമാന്മാർ എന്നു വിശ്വ

സിച്ച പോരുന്ന പിറവത്തെ കുശരാജാക്കന്മാരാണ് ഈ ദേവാലയത്തിന്റെ സ്ഥാപകർ എന്ന് ഇന്നാട്ടുകാർ വിശ്വസിക്കുന്നു..'[1] 'പിറവത്തെ കുശരാജാക്കന്മാർ' എന്ന പ്രയോഗം തികച്ചും അവ്യക്തമായ ഒന്നാണ്.

ശ്രീ ജോസഫ് ഇടമറുക് ഇപ്രകാരം എഴുതുന്നു. '..യേശുക്രിസ്തുവിനെ സന്ദർശിച്ച കുശ് ഗോത്രക്കാരിൽ ആരെങ്കിലും പിറവത്ത് കുടിയേറിപ്പാർത്തുവെന്നും തങ്ങളുടെ കഥ പ്രചരിപ്പിച്ചുവെന്നും കരുതുന്നതിൽ തെറ്റില്ല.'[2]

യേശുവിനെ സന്ദർശിച്ചവർ കുശ് ഗോത്രക്കാരായിരുന്നുവെന്നാണല്ലോ പരാമർശം. കുശ് ബാബിലോണിലെ ഒരു പ്രദേശമാണെന്ന് (ഉല്പ. 2:13) ബൈബിൾ വിജ്ഞാനകോശം (CSS) പറയുന്നു. ഡോ. ഗീവറുഗീസ് ചേടിയത്ത് പറയുന്നു: നോഹിന്റെ പുത്രനായ ഹാമിന്റെ മകനും (ഉല്പ. 10:6-9) ആദ്യമൃഗവേട്ടക്കാരനുമായ നിമ്രോദ് ഉറൂക്കിൽ ഭരിച്ചു. ഇത് മെസൊപ്പൊട്ടേമിയായിലാണ്.[3] ഡോ. ഡി.ബാബു പോൾ വേദശബ്ദരത്നാകരം എന്ന പുസ്തകത്തിൽ പറയുന്നത് ഇങ്ങനെ: ദക്ഷിണപാലസ്തീനിലെ ഒരു സ്ഥലവും ഈ പേരിലുണ്ട്. (ഹബ. 3:7; 2 ദിന. 14:9) കുശ്യർ ഈജിപ്തിനു തെക്കും തെക്കുകിഴക്കുമായുള്ള നെൽനദിയുടെ ഉയർന്ന പ്രദേശത്തുള്ള (കീശു്) ആഫ്രിക്കൻ വംശജരാണ്. ഈജിപ്തുകാർ നൂബിയയ്ക്ക് (Nubia) നല്കിയ പേരാണ് കോശു്. എബ്രായരൂപമാണ് കുശ്. ആ സ്ഥലവാസികളെ കുശീ (കുശ്യൻ) കുശിയ്യീം (കുശ്യർ) എന്ന് വിളിച്ചു. ഇങ്ഗ്ലീഷ് ബൈബിളിൽ കുശ് എന്നും എത്യോപ്യ എന്നും മൊഴിമാറ്റം. പഴയ ബൈബിൾ ഭാഷാന്തരങ്ങളിൽ കുശും എത്യോപ്യയും രണ്ടായിരുന്നു; പുതിയവയിൽ കുശിനെയും എത്യോപ്യ എന്ന് ചേർക്കുന്നു. നൂബിയ ആധുനിക സുഡാനാണ്. The 'sons' of Cush are all SW and NW Arabian peoplesഎന്ന് മെയ്‌ലി പറയുന്നത്രേ. ഇടമറുക് സൂചിപ്പിക്കുന്ന കുശ് ബാബിലോൺ മെസൊപ്പൊട്ടേമിയ പ്രദേശമാകാം. അത് മാഗികളെപ്പറ്റിയുള്ള വേദപണ്ഡിതരുടെ അഭിപ്രായത്തോടു യോജിക്കുന്നതാണ്.

ശ്രീ വറുഗീസ് ജോൺ തോട്ടപ്പുഴ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: '... ജ്ഞാനികളിലൊരാളായ കാസ്പർ ഇൻഡ്യയിലെ ഗോണ്ട ഫോറസ്സ് രാജാവായിരുന്നുവെന്ന് ആധുനികചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. പിറവംകാരനായ ഒരു ജ്യോതിഷനായിരുന്നുവെന്ന് മറ്റൊരു അഭിപ്രായവുമുണ്ട്. പിറവം (യാക്കോബായ) പള്ളിയിലെയും വി.രാജാക്കളുടെ കത്തോലിക്കാ (ചെറിയ) പള്ളിയിലെയും ജനുവരി ആറാം തിയതിയിലെ പെരുന്നാൾ അവരെ സ്മരിച്ചുകൊണ്ടുള്ളതാണ്.'[4]

കാസ്പർ എന്ന പേരുതന്നെ അത് പിറവവുമായി ബന്ധമില്ലാത്തതാണെന്ന് വ്യക്തമാക്കുന്നു. അതൊരു പേർഷ്യൻ പേരാണ്. പിറവത്തെ പള്ളികളിലെ ജനുവരി 6-ലെ പെരുന്നാൾ പൗരാണികമായ ദനഹാപെരുന്നാളാണ്. ക്രിസ്തുവിന്റെ വെളിപ്പെടലിന്റെ ഓർമ്മ കൊണ്ടാടുന്ന ഈ പെരുന്നാൾ ആദിമസഭയിൽ യേശുവിന്റെ സ്നാനത്തെയും ജനനത്തെയും അനുസ്മരിപ്പിക്കുന്നതായിരുന്നു. ക്രിസ്തുമസ് എന്ന ജനനപ്പെരുന്നാൾ നാലാം നൂറ്റാണ്ടോടെ മാത്രമേ നിലവിൽ വന്നുള്ളൂ. എപ്പിഫനി എന്ന് വിളിക്കുന്ന ദനഹാപെരുന്നാളിൽ കത്തോലിക്കാസഭ വിദ്വാന്മാരുടെ സന്ദർശനത്തിന് ഊന്നൽ നല്കി 'വിശുദ്ധ രാജാക്കന്മാരുടെ പെരുന്നാൾ' എന്ന് പില്ക്കാലത്തു വിളിച്ചു. പുറജാതിക്കാർ യേശുവിനെ കണ്ട സന്ദർഭം എന്ന നിലയിൽ യേശുവിന്റെ ജ്ഞാനസ്നാനപ്പെരുന്നാളിലാണ് പൂജരാജാക്കളുടെ തിരുന്നാളും നാലാം നൂറ്റാണ്ടിൽ ആചരിച്ചു തുടങ്ങിയത് എന്ന് ഡി. ബാബു പോൾ പറഞ്ഞിരിക്കുന്നു (വേദശബ്ദരത്നാകരം).

'... ബേത്ലഹേമിൽ ചെന്ന് ഉണ്ണിയേശുവിനെ കണ്ടു, വന്ദിച്ച ശേഷം മടങ്ങി നാട്ടിൽ തിരിച്ചെത്തിയ വിദ്വാന്മാർ (രാജാക്കന്മാർ, മ്ഗുശന്മാർ, Wisemen from the east, Magis) സ്ഥാപിച്ചതാണ് ഈ പള്ളിയെന്നാണ് പാരമ്പര്യവിശ്വാസം. പാഴൂർ പടിപ്പുരയിലെ പൂർവ്വികർ കിഴക്ക് ഹിന്ദുദേശത്തിൽ നിന്നുള്ള വിദ്വാന്മാർക്ക് (പിറവത്തു നിന്നുള്ള മഹാത്മാക്കൾക്ക്) ഉപദേശവും മാർഗ്ഗദർശനവും നല്കിയിരിക്കണം. ... വിദ്വാന്മാർ തിരി

ച്ചെത്തിയ ശേഷം ഇവിടെ തുടർന്ന് ആരാധിച്ചുകൊണ്ടിരുന്നു. ഈ വിദ്വാന്മാരുടെ കാലശേഷം ... അവരെയും കൂടി ഉണ്ണിയേ ശുവിനോടൊപ്പം കുടിയിരുത്തിയിരിക്കാം.. യേശുവിന്റെ പര സ്യവ്യാപാരകാലത്തിനും മുമ്പു തന്നെ വിദ്വാന്മാരായ രാജാക്കൾ ഒരു ദേവാലയം പണിതു് അതിൽ ഉണ്ണിയേശുവിനെ പ്രതി ഷ്ഠിച്ച് പൂജിച്ചു പോന്നിരുന്നു. ആയതിനാൽ ലോകത്തിൽ ആദ്യ മായി ക്രിസ്തുവിനെ (ഉണ്ണിയേശുവിനെ) ആരാധിച്ച ദേവാലയം എന്ന മഹാബഹുമതി ഈ പിറവം വലിയ പള്ളിക്കു മാത്രം അവകാശപ്പെട്ടതാണ്.' (ഇതു് 1991 ദനഹാപെരുന്നാൾ കമ്മറ്റി പുറപ്പെടുവിച്ച നോട്ടീസ് വെളിപ്പെടുത്തിയ കഥ). ക്രൈസ്തവപാ രമ്പര്യവും അതിന്റെ പദപരിചയവും ഇല്ലാത്ത ഒരാളാകാം ഈ 'കുടിയിരുത്തലിനെ'ക്കുറിച്ചും മറ്റും വിവരിച്ചതു്.

ഈ 'പാരമ്പര്യവിശ്വാസം' എന്ന പ്രചാരണത്തിന് ഈ നോട്ടീസ് പുറപ്പെടുംമുമ്പ് വലിയ പാരമ്പര്യമൊന്നും പിറവത്ത് ഉണ്ടായിരുന്നതായി അറിയുന്നില്ല. കേവലം ഊഹഭാവനയെ ചരിത്രമാക്കാനുള്ള വ്യഥാശ്രമമാണ് ഇതിന്റെ പിന്നിൽ. യേശു വിനെ വന്ദിച്ച രാജാക്കന്മാർ പിറവത്തു വന്ന് ദേവാലയം പണിതു് യേശുവിനെ ആരാധിച്ചു എന്ന് പറയുന്നതു് കേരളച രിത്രവും കേരളനസ്രാണിചരിത്രവും അത്ഭുതം കൂറുന്ന നിർമ്മി തകഥയേ ആകൂ. 'മാർത്തോമ്മാ ശ്ലീഹായ്ക്കും മുമ്പ് സ്ഥാപിതമായ ഒരു പള്ളി'യെക്കുറിച്ച് കേരള സഭാചരിത്രം എഴുതിയവരാരെ ങ്കിലും ഇതുവരെ പറയാതെ പോയതിനെക്കുറിച്ച് നാം യുക്തി പൂർവ്വം ചിന്തിക്കേണ്ടതല്ലേ? ജ്യോതിഷവും പിറവവുമായി ബന്ധപ്പെടുത്തിക്കൊണ്ട് രാജാക്കന്മാരെ പിറവത്തോടു ബന്ധ പ്പെടുത്തുവാനുള്ള ശ്രമം വിഡ്ഢിത്തപ്രദർശനമായിത്തീരും. ഐതിഹ്യമാലയിലെ പാഴൂർപടിപ്പുരയുടെ കഥ ശരിയെങ്കിൽ തന്നെ, അതു് യേശുവിന്റെ ജനനകാലവുമായി ഒത്തു പോകുക യില്ല. യേശുവിന്റെ ജനനകാലത്ത് ജ്യോതിഷവുമായി ബന്ധ പ്പെട്ട ഒരു പ്രശസ്തി പിറവത്തിനോ പാഴൂരിനോ ഇല്ലല്ലോ.

മേല്പറഞ്ഞ നോട്ടീസിൽ നിന്ന് പകർത്തി ശ്രീമതീ ലീലാ മേനോൻ എഴുതി: '... Thus the St.Mary's Orthodox church alias Valiya Pally, is believed to have been established by a Piravom king, who was one of the three wisemen ...'[5] നോട്ടീസിൽ നിന്ന് പകർത്തിയല്ലാതെ മൗലികഗവേഷണമൊന്നും നടത്തിയിട്ട് ഉരുത്തിരിഞ്ഞ ഒരഭിപ്രായമല്ല ഇത്.

ശ്രീ സി.പി.വറുഗീസ് എഴുതിയ പിറവം വലിയ പള്ളി എന്ന പുസ്തകത്തിന്റെ അവതാരികയിൽ ഇപ്രകാരം കാണാം. '... പേർഷ്യയിലെ മാഗ്ഗികൾ ആയിരുന്നു എന്നാണ് പാശ്ചാത്യപണ്ഡിതന്മാരുടെ പൊതുമതം. ഈ മാഗികൾ കാശ്മീരിലെ പണ്ഡിറ്റുമാരെ പോലെ രാജാധികാരത്തോട് സമരസപ്പെട്ട് ജീവിച്ചവരായിരുന്നു. ... നക്ഷത്രശോഭ ഗഗനത്തെ ആഭയണിയിച്ച കാലമായിരുന്നു ക്രിസ്തുവബ്ദത്തിന്റെ തുടക്കത്തിനടുത്ത നാളുകൾ എന്നത് ഇന്ന് അംഗീകരിക്കപ്പെട്ട സത്യമാണ്. വാനശാസ്ത്രവും ജ്യോതിഷവും ഭാരതത്തിന് അന്നും അന്യമായിരുന്നില്ല എന്നതും അംഗീകരിക്കപ്പെട്ട സത്യമാണ്. അതുകൊണ്ട് പൂജരാജാക്കന്മാരിൽ ഒരാൾ ഭാരതീയനായിരുന്നു എന്ന് സങ്കല്പിക്കുന്നത് അതിരു കടന്ന ഭാവനാവിലാസമായി എഴുതിത്തള്ളേണ്ടതില്ല. ഭാരതീയനെങ്കിൽ പിറവത്തുകാരൻ ആയിക്കൂടെന്നും നിർബ്ബന്ധിക്കേണ്ടതില്ല.'[6]

2012 ഏപ്രിൽ മെയ് മാസങ്ങളിലായി പിറവം വലിയ പള്ളിയെ കത്തീഡ്രൽ ആയി പ്രഖ്യാപിക്കുന്ന രണ്ടു ചടങ്ങുകൾ നടന്നു. അതിനോടു ബന്ധപ്പെട്ട് പത്രമാദ്ധ്യമങ്ങളിൽ വന്ന വാർത്തകളിലും മുമ്പു കണ്ടതുപോലുള്ള പ്രചാരണങ്ങൾ പ്രത്യക്ഷപ്പെട്ടു. ഉണ്ണിയേശുവിനെ ദർശിച്ച രാജാക്കന്മാർ പണിതതാണ് പള്ളി; ഉദയംപേരൂർ സുന്നഹദോസിനു ശേഷം പള്ളി റോമൻ ആധിപത്യത്തിലായി തുടങ്ങിയ അബദ്ധചരിത്രങ്ങളും അതോടൊപ്പം പണ്ഡിമ്മന്യന്മാർ രേഖപ്പെടുത്തി. (ഉദാഹരണത്തിന് മലങ്കരസഭാദീപം വാല്യം 18, ലക്കം 14, 2012 മെയ് 16-31 നോക്കുക.) ഇല്ലാത്ത കഥകൾ ആവർത്തിച്ച് ചരിത്രമാ

ക്കുന്നതിന്റെ ഉദാഹരണമാണവ.

ചരിത്രബോധമുള്ളവരെ അമ്പരിപ്പിക്കുന്നതും ചരിത്രാന്വേഷികളെ വഴിപിഴപ്പിക്കുന്നതുമായ അടിസ്ഥാനരഹിതമായ പ്രസ്താവനകളുടെ മാതൃകകളാണ് മേൽ കാണുന്നവ. വാനശാസ്ത്രജ്ഞന്മാർ, വിദ്വാന്മാർ, രാജാക്കന്മാർ, രാജകുമാരന്മാർ എന്നിങ്ങനെ യേശുവിനെ നമസ്കരിച്ചവരെപ്പറ്റി പറയപ്പെടുന്നു. മ്ഗുശന്മാർ (മാഗി) എന്ന ബൈബിൾപ്രയോഗമാണ് പ്രാമാണികമെന്ന് കരുതേണ്ടത്. മാഗി എന്ന പദം അതിന്റെ ശരിയായ അർത്ഥത്തിൽ മൊഴിമാറ്റം ചെയ്യുക എളുപ്പമല്ലാത്തതിനാൽ ഇങ്ഗ്ലീഷുകർ മാഗി എന്ന് തന്നെ ഉപയോഗിച്ചു. വാനശാസ്ത്രജ്ഞന്മാർ, വിദ്വാന്മാർ, രാജാക്കന്മാർ എന്നെല്ലാമുള്ളത് മാഗി എന്ന മൂലപദത്തിന് മറ്റു ബൈബിൾഭാഷാന്തരങ്ങളിൽ കൊടുത്ത മൊഴിമാറ്റമാണല്ലോ. മ്ഗുശന്മാർ മദ്ധ്യപൂർവ്വദേശത്തെ പ്രത്യേക കൂട്ടം ആണെന്നതിന് തർക്കം വേണ്ടതില്ല. മാഗികൾ പേർഷ്യയിൽ നാട്ടുവാഴിത്തവും പൗരോഹിത്യവും ഉണ്ടായിരുന്ന ജ്യോതിഷജ്ഞാനികളായ വർഗ്ഗമാണ്. മ്ഗുശന്മാർ പാരസികന്മാരാണെന്ന് (പോറസുകാർ, പേർഷ്യാക്കാർ) സുറിയാനി ആരാധനക്രമത്തിൽ കാണാം. പ്രാചിയിൽ നിന്നെത്തി ജ്ഞാനികളവനെ മാനിപ്പാൻ (ജനനപ്പെരുന്നാൾ ശുശ്രൂഷ സന്ധ്യ); പേർഷ്യൻ വിബുധന്മാർ ആദ്യജന്മപഹാരങ്ങളുമായ് വന്നുൾപ്പുകി, പേർഷ്യൻ വിബുധന്മാർ കാഴ്ചകളങ്ങേയ്ക്കർപ്പിച്ചു (ജനനപ്പെരുന്നാൾ രാത്രി); പാരസികന്മാർ വിദ്വാന്മാർ ... വന്ദിച്ചു, താരക പോറസിലെ വിജ്ഞരെയറിയിച്ചു (ജനനപ്പെരുന്നാൾ പ്രഭാതം) എന്നിവ കാണുക. പേർഷ്യയിലെ സൈറസ് ചക്രവർത്തിമാരുടെ രാജ്യം പാർസ എന്ന് അറിയപ്പെട്ടിരുന്നു (ഡി. ബാബു പോൾ, വേദശബ്ദരത്നാകരം). മേദ്യ പേർഷ്യ ഉൾപ്പെട്ട പ്രദേശത്തിന് ബി.സി. പന്ത്രണ്ടാം നൂറ്റാണ്ടിനു മുമ്പ് ഏലാം എന്നായിരുന്നു പേര് . (ഇന്ന് ഇറാനാണ്.) നമുക്ക് മേനി പറയുവാൻ, 'ഭാരതത്തിൽ ജ്യോതിഷമുണ്ടായിരുന്നതുകൊണ്ട് രാജാക്കളിൽ ഭാരതീയൻ ഒരാൾ ഉണ്ടായിരുന്നെന്ന് സങ്കല്പിക്കാം,

അയാൾ പിറവത്തുകാരൻ ആയിക്കൂടെന്ന് നിർബ്ബന്ധിക്കേണ്ട തില്ലേ'ന്നും വയ്ക്കാം. പക്ഷെ അത് ഇന്നത്തെ നമ്മുടെ ഭാവനാ വിലാസം ചരിത്രമാക്കുവാൻ ശ്രമിക്കുന്ന ഒരു വിഡ്ഢിത്തമേ ആകൂ. കിഴവിക്കഥകൾ പോലുള്ള നിർമ്മിതകഥകൾ കൊണ്ട് പുരാതനമായ ദേവാലയത്തിന് വെറും കച്ചവടക്കണ്ണോടെ പ്രശസ്തിയുണ്ടാക്കേണ്ട ഒരു കാര്യവുമില്ല. ഈ നിർമ്മിതകഥകളുടെ സഹായമില്ലാതെതന്നെ പൗരാണികമായ ഈ ദൈവത്തിന്റെ ആലയം ഇത്രയുംകാലം നിലനിന്നുവല്ലോ.

**മ്ഗ്ദശന്മാർ (വിദ്വാന്മാർ)**

വിദ്വാന്മാരെപ്പറ്റിയുള്ള ചില പരാമർശങ്ങൾ കാണുക.

'ഒരു ഐതിഹ്യമനുസരിച്ച് ഉണ്ണിയീശോയെ സന്ദർശിക്കുവാൻ കിഴക്കു നിന്ന് വന്ന ജ്യോതിശാസ്ത്രജ്ഞന്മാർ പേർഷ്യാക്കാരായിരുന്നു. സൊറൊവാസ്റ്റർ (Zoroaster) മരിക്കുന്നതിനു മുമ്പ് ലോകരാജാവിനെപ്പറ്റി പ്രവചിച്ചിരുന്നെന്നും പ്രവാസിയഹൂദന്മാർ അത് മിശിഹായുടെ ജന്മത്തെക്കുറിച്ചാണെന്ന് വ്യാഖ്യാനിച്ചെന്നും തദനുസരണമാണ് അറമയ സംസാരിക്കുന്ന വിജ്ഞാനികൾ യാത്രയ്ക്കൊരുങ്ങിയതെന്നും പറയപ്പെടുന്നു. മൂന്നു ഗ്രൂപ്പുകളിലായി അവർ പന്ത്രണ്ടു പേരുണ്ടായിരുന്നു വത്രേ. അവർ തിരിച്ചുവന്ന് രക്ഷാകരസന്ദേശം ആദ്യമായി പേർഷ്യൻ മണ്ണിലെത്തിച്ചു.'[7]

'ബേത്ലഹേമിൽ യേശുവിനെ കാണാനെത്തിയ വിദ്വാന്മാർ അറേബ്യയിൽ നിന്നാണ് വന്നതെന്ന് ട്രീഫോയുമായുള്ള സംവാദത്തിൽ വി. ജസ്റ്റിൻ അഭിപ്രായപ്പെടുന്നു.[8]

മോല്ക്കോയിർ, കാസ്പാർ, ബെൽത്തസ്സർ എന്നിത്യാദി പേർഷ്യൻസംജ്ഞകൾകൊണ്ട് ഇവർ പേർഷ്യയിലെ പുറജാതികളായ പുരോഹിതന്മാരായിരുന്നുവെന്നുള്ള അനുമാനത്തിന് വഴിയുണ്ട്.'[9]

'പഴയനിയമത്തിൽ വ്യവഹരിച്ചിട്ടുള്ള ശാബായിലെയും സാബായിലെയും (അറേബ്യാ) രാജാക്കന്മാരായിരുന്നു ഇവർ എന്നും അഭിപ്രായമുണ്ട്. .. ഇവർ എകദൈവ വിശ്വാസികളാ

യിരുന്നുവെന്നും, ആരാധനകളിൽ ഇവർക്ക് ഉത്ക്കടമായ ഭക്തി വൈരാഗ്യം ഉണ്ടായിരുന്നുവെന്നും വിചാരിക്കുന്നതിൽ തെറ്റില്ല.[10]

ഒരു കാലത്ത് മ്ഗ്ദശന്മാരുടെ വർഗ്ഗക്കാർ പേർഷ്യയിൽ (പോറസ്) നിന്ന് മെസ്സപ്പൊട്ടേമിയായിൽ (മേദിയ) കുടിയേറിയിരുന്നിരിക്കണം. ബാബിലോൺ രാജാവായ നെബുക്കദ്നേസർ അടിമകളായി പിടിച്ചുകൊണ്ടുപോയ ഇസ്രയേല്ക്കാരും മ്ഗ്ദശന്മാരും തമ്മിൽ അന്യോന്യസംസർഗ്ഗത്തിന് അവസരം ലഭിക്കുകയും ... ഇസ്രായേല്ക്കാരുടെ ദൈവാരാധനക്രമത്തോടു ബഹുമാനവും ഭക്തിയും മ്ഗ്ദശന്മാരുടെ വർഗ്ഗത്തിന് ഉണ്ടാകയും ചെയ്തിരിക്കണം. ... ദാനിയേലിന് .. ഉണ്ടായ ഉന്നതപദവി ഇതിന് .. തെളിവാണ്. ... ദീർഘദർശിയുടെ പ്രവചനങ്ങൾ (9:24-26) അറിഞ്ഞിരിക്കണം. മ്ഗ്ദശന്മാരുടെ വർഗ്ഗക്കാർ അത് ... പ്രചരിപ്പിച്ചിരുന്നു. ... ലോകൈകജേതാവായ ഒരു രാജാവ് - മ്ശിഹാ - യഹൂദ്യയിൽനിന്ന് ഉയരുമെന്നുള്ള ഒരു പ്രബലവിശ്വാസം ... പൗരസ്ത്യരാജ്യങ്ങളിൽ പ്രചുരപ്രചാരത്തിലിരുന്നു.'[11]

'അനതിസാധാരണമായ ഈ നക്ഷത്രത്തിന്റെ അപൂർവ്വദർശനത്താൽ ... മൂന്നു (8 പേരെന്നും വേറൊരു പക്ഷമുണ്ട്) വിദ്വച്ഛിരോമണികൾ ... നോഹിന്റെ മക്കളായ ശേം ഹാം യാഫേത്ത് എന്നിവരും ജലപ്രളയശേഷമുള്ള മനുഷ്യരാശിയുടെ ഗോത്രപിതാക്കളെന്ന നിലയിൽ പ്രതിനിധീകരിച്ചുംകൊണ്ട് ... പരിവാരസമേതം പുറപ്പെട്ടു.'[12]

'.. മൂരും കുന്തുരുക്കവും അക്കാലങ്ങളിൽ പേർഷ്യയിൽ ഇറക്കുമതി ചെയ്യപ്പെട്ട ഇന്ത്യൻ വാണിജ്യവിഭവങ്ങളായിരുന്നുവെന്ന് ...'[13]

ഉണ്ണിയേശുവിന് കാഴ്ച കൊണ്ടുവന്നവർ മിക്കവാറും യഹൂദേതരമതത്തിലുൾപ്പെട്ട ജ്യോതിഷരാണ്. ഹെരോഡോട്ടസ് എന്ന എഴുത്തുകാരൻ മേദ്യയിലെ പുരോഹിതരായ ഒരു ഗോത്രത്തെ സൂചിപ്പിക്കുവാൻ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. അവർ ജ്യോത്സ്യന്മാരെന്നാണ് അദ്ദേഹം പറയുന്നത്. ദാനി. 1:20;

2:27; 5:1-ൽ സ്വപ്നവ്യാഖ്യാനികളെ വിദ്വാൻ എന്ന് വിളിച്ചു. ഈ മൂലപദം ജ്ഞാനികളും ജ്യോതിഷരും ദേവന്മാരുടെ സന്ദേശങ്ങളും സ്വപ്നങ്ങളും വ്യാഖ്യാനിക്കുന്നവരുമായ ഒരു ജാതിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു. വി. മത്തായിയുടെ സുവിശേഷത്തിൽ വിദ്വാന്മാർ യേശുവിനെ സന്ദർശിച്ചതു വിവരിക്കുന്നത് മിശിഹായുടെ പുറജാതികളോടുള്ള ബന്ധത്തെ പ്രതിനിധീകരിക്കാനാണ്. പില്ക്കാലത്ത് ക്രൈസ്തവപാരമ്പര്യം അവരെ രാജാക്കൾ എന്ന് വിളിക്കുകയും ... (Cf. സങ്കീ. 72:10; യെശ. 49:7) കാഴ്ചവസ്തുക്കളുടെ എണ്ണപ്രകാരം (മത്താ. 2:11) മൂന്നു പേരെന്നും, പന്ത്രണ്ടു പേരെന്നും പറഞ്ഞു. യെരുശലേം ഭ്രമിക്കത്തക്കവിധം അവർ ഒരു വലിയ സംഘമായിരുന്നുവെന്നും പറയുന്നുണ്ട്. പില്ക്കാലചിന്തകൾ, നക്ഷത്രം കണ്ടിട്ട് വന്നതിനാൽ ജ്യോതിഷികളാണ്.; മീഖാപ്രവചനം അറിയാത്തവരാകയാൽ പുറജാതികളാണ് എന്നെല്ലാമാണ്. പേർഷ്യയിലെ വൈദികവൃന്ദവും രഹസ്യശാസ്ത്രങ്ങളിൽ (occult sciences) നിപുണരുമാണ് മാഗികൾ. സംഖ്യ 24:17; ഉത്ത. 49:10; മീഖ 5:1-3; സങ്കീ. 72; യെശ. 49:23; 60:6 എന്നിവയുടെ പിൻബലത്തിൽ പുറജാതിരാജാക്കൾ ആദരിക്കുന്ന മശിഹായാണ് ഉണ്ണിയേശുവെന്നാണ് വി. മത്തായി സൂചിപ്പിക്കുന്നത്. (New Concise Bible Dictionary Ed. Dereck Williams). കൂടുതൽ വായനയ്ക്ക് ബൈബിൾ വിജ്ഞാനകോശം, CSS; വിദ്വാന്മാർ, ദാനീയേൽ ബൈബിൾ; വേദശബ്ദരത്നാകരം ഇവ കാണുക.

ബ. കോനാട്ട് എബ്രഹാം മല്പാൻ സുറിയാനിപിതാക്കന്മാരുടെ സുവിശേഷ വ്യാഖ്യാനഗ്രന്ഥങ്ങളെ അവലംബിച്ച് എഴുതിയ പ്രശസ്തമായ വിശുദ്ധ സുവിശേഷവ്യാഖ്യാനം എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ജ്യോതിശാസ്ത്രജ്ഞന്മാർ, പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇവർ ശാബായിലെയും സാബായിലെയും രാജാക്കന്മാരായിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നു. (ഏശായ 49:7; 60:3-6, 10; സങ്കീ. 68:29; 72:10) അവരുടെ സംഖ്യയെപ്പറ്റിയും അഭിപ്രായവ്യത്യാസമുണ്ട്.

മൂന്ന്, ഏഴ്, എട്ട് (മീഖാ 5:5) പന്ത്രണ്ട് ഇങ്ങനെ പല തരത്തിൽ പറയപ്പെടുന്നു. ഇവർ ആകാശഗോളങ്ങളെ ആരാധിക്കുന്നവരായിരുന്നു. ... ഒരു പക്ഷേ മശിഹായെക്കുറിച്ചുള്ള യഹൂദപ്രവചനങ്ങൾ അവരും അറിഞ്ഞിരിക്കാനിടയുണ്ട്. യിസ്രായേല്ക്കാർ പൗരസ്ത്യദേശത്ത് അടിമകളായിരുന്നപ്പോൾ പല ദീർഘദർശിമാരും അവിടെ വച്ച് പ്രവചനങ്ങൾ നടത്തിയിട്ടുണ്ടല്ലോ. ... ജ്യോതിശാസ്ത്രജ്ഞന്മാർ രാജപുത്രരായിരുന്നതുകൊണ്ട് വലിയ ഒരു പരിവാരവും അവരെ അനുഗമിച്ചിരുന്നു. മൂവായിരം അംഗരക്ഷകന്മാരും അയ്യായിരം അകമ്പടിക്കാരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു. ... സ്വർണ്ണവും മൂറും കുന്തുരുക്കവും ഒരു പക്ഷേ അവരുടെ ദേശഫലങ്ങളിൽ, അഥവാ അവർക്കു ലഭ്യമായിരുന്നവയിൽ, ഏറ്റവും ഉത്തമസാധനങ്ങളായിരിക്കാം.' യിസ്രായേൽക്കാർ അടിമകളായി ജീവിച്ച സ്ഥലത്തുനിന്നുള്ള ജ്യോതിശാസ്ത്രജ്ഞന്മാർ ആ ദേശത്തു ലഭ്യമായ വസ്തുക്കളുമായി വന്നുവെന്ന സഭാപാരമ്പര്യമാണ് ഇവിടെ വെളിപ്പെടുന്നത്. അപ്പോൾ ഭാരതത്തിനും കേരളത്തിനും പിറവത്തിനും മാഗികളുടെ കാര്യത്തിൽ ഒരു സ്ഥാനവുമില്ല.

ഫാദർ ടി.ജെ.ജോഷ്വ എഴുതിയിരിക്കുന്നു: 'യേശുവിന്റെ ജനനത്തിൽ 'കിഴക്കുനിന്ന് വിദ്വാന്മാർ' (Magi) വന്നതായി സുവിശേഷത്തിലുണ്ട്. അവർ പേർഷ്യയിൽനിന്ന് വന്നവരെന്ന് തെളിവില്ല; പൊതുവിൽ അംഗീകരിക്കുന്ന പാരമ്പര്യമുണ്ട്. എന്നാൽ നബാത്യർ 'കിഴക്കുനിന്ന്' (പെത്രായിൽ നിന്ന് - ട്രാൻസ് ജോർദ്ദാനിൽ നിന്ന്) വന്നതായി വ്യാഖ്യാനിക്കുന്നവരുണ്ട്. സ്വർണ്ണവും കുന്തുരുക്കവും കച്ചവടം ചെയ്യുന്നവരാണല്ലോ നബാത്യർ. രസകരമായ ഒരഭിപ്രായമെന്നതിൽ കവിഞ്ഞ് അതിന് പ്രാധാന്യം കല്പിക്കേണ്ടതില്ല. പിറവത്തു നിന്നാണ് രാജാക്കന്മാർ പോയതെന്ന് പറയുന്നതിനെക്കാൾ എത്രയോ യുക്തിപൂർവ്വമായിട്ടിതു തോന്നുന്നു'[14]

അദ്ദേഹം തുടരുന്നു: 'ബേത്ലഹേമിൽ എ.ഡി. 325-ൽ ഹെലനിരാജ്ഞി പണിയിച്ചതാണ് തിരുജനനദേവാലയം. അത്

529-ൽ ശമര്യർ നശിപ്പിച്ച ശേഷം, ജസ്റ്റിനിയൻ ചക്രവർത്തി പണിയിച്ച ബസിലിക്കയിലുള്ള മ്ഗുശന്മാരുടെ മൊസയിക് ചിത്രം സംബന്ധിച്ച് ചരിത്രസത്യമായി അവകാശപ്പെടുന്ന ഒരു കഥയുണ്ട്. എ.ഡി. 614-ൽ പേർഷ്യാക്കാർ സിറിയായും പാല സ്തീനും ആക്രമിക്കുകയും യെരുശലേംപട്ടണം തീയ്ക്കിരയാക്കു കയും ചെയ്തു. ബേത്ലഹേമിലെ ദേവാലയം നശിപ്പിക്കാനൊരു ങ്ങിയപ്പോൾ ഭിത്തിയിൽ പേർഷ്യാക്കാരായ വിദ്വാന്മാരുടെ ചിത്രം കണ്ട് അത്ഭുതപ്പെട്ടുവെന്നും, സ്വന്തനാട്ടുകാരും വാനശാ സ്ത്രജ്ഞന്മാരുമായ അവരുടെ പിതാമഹന്മാരോടുള്ള ആദരം കാരണം ദേവാലയം നശിപ്പിക്കാതെ പോയി.'[15] ആ ചിത്രങ്ങൾ രചിച്ച കാലത്തുള്ളവരും വിദ്വാന്മാരെ പേർഷ്യക്കാരായി മന സ്സിലാക്കി; തിരിച്ചറിയാനുതകുംവിധം അവരെ ചിത്രീകരിക്കു വാനും കഴിഞ്ഞു.

മ്ഗുശന്മാരിൽ ഒരാളായ സിലോണിലെ ജാഫ്ന സ്വദേശി ഗാസ്പർ, മാർത്തോമ്മായുടെ സുവിശേഷപ്രവർത്തനത്തിന്റെ കീർത്തിയിൽ ആകൃഷ്ടനായി കൊല്ലത്തു വന്നു. ശ്ലീഹായുടെ ഉപ ദേശം സ്വീകരിച്ച് മാമോദീസാ ഏറ്റു. ശ്ലീഹായോടൊപ്പം സുവി ശേഷവേലയ്ക്ക് പലയിടത്തും പോയി. ഒടുവിൽ മൈലാപ്പൂരിൽ മഹാദേവരാജാവിന്റെ കല്പനപ്രകാരം രക്തസാക്ഷിയായി എന്നൊരു കഥ ഫാ. ജോസഫ് പീടികയിൽ വിവരിച്ചിട്ടുണ്ട്.[16] ജോൺ ക്രിസോസ്റ്റം പറയുന്ന മറ്റൊരു കഥയിൽ മാർത്തോമ്മാ മൂന്നു മ്ഗുശന്മാരെയും മാമോദീസാ നല്കി തന്നോടൊപ്പം കൂട്ടി യത്രേ. കൊല്ലത്തെ പിരിമാൾ എന്നൊരു രാജാവ് മസ്കറ്റിലേക്കും ബേത്ലഹേമിലേക്കും പോയി മാതാവിന്റെ ഒരു ചിത്രം കൊണ്ടു വന്നതായി മറ്റൊരു കഥയുമുണ്ടത്രേ. ഈ കഥകളുടെ സുദീർ ഘവും സശ്രദ്ധവുമായ പഠനത്തിനു ശേഷം ഫാ. ഹോസ്റ്റൻ എസ്.ജെ. യുടെ അഭിപ്രായം, മാർത്തോമ്മാശ്ലീഹാ സിലോ ണിലോ കൊല്ലത്തോ മ്ഗുശന്മാരിലൊരാളെ കണ്ടുമുട്ടിയെന്ന് ആധാരസഹിതം പറയുവാൻ ഒന്നും ഒരിടത്തും ഇല്ലെന്നാണ്.[17] ഇങ്ങനെ കണ്ടാലുടനെ, കൊല്ലത്തും സിലോണിലും 'രാജാക്ക

ളുടെ പള്ളി' ഇല്ലാത്തതുകൊണ്ട് പിറവത്തു വച്ചാണ് ശ്ലീഹാ കണ്ടുമുട്ടി മാർഗ്ഗം കൂട്ടിയത് എന്ന് എഴുതുവാൻ ഇനി ഒരു പഴുത് കണ്ടെത്തിയേക്കാം!

മലങ്കരസഭമാസികയുടെ 1994 ക്രിസ്മസ് പതിപ്പിൽ ശ്രീ സിബി തരകൻ താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്നു. രണ്ടാം നൂറ്റാണ്ടിലെ വേദപണ്ഡിതനായ തെർത്തുല്യനാണ് മ്ഗുശന്മാരെ യിസ്രായേലിലേക്ക് സമ്മാനങ്ങളുമായി വരുന്ന രാജാക്കന്മാരെപ്പറ്റിയുള്ള പ്രവചനവുമായി (യെശ. 49:7) ബന്ധിപ്പിച്ചത്. സെന്റ് അഗസ്റ്റിൻ മ്ഗുശന്മാർ പന്ത്രണ്ടു പേരായിരുന്നുവെന്ന് പറഞ്ഞു. അദ്ദേഹം അവരെ യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുമായും ക്രിസ്തുശിഷ്യന്മാരുമായും ബന്ധിച്ചു. അഞ്ചാം നൂറ്റാണ്ടിൽ പോപ്പിന്റെ അഭിപ്രായപ്രകാരമാണ് മ്ഗുശന്മാരുടെ എണ്ണം മൂന്നായി തിട്ടപ്പെടുത്തിയത്. കാരണം വിശുദ്ധ മത്തായി മൂന്നു കാഴ്ചകളെപ്പറ്റിയാണല്ലോ പറയുന്നത്. ഹിൽഡേഷിമ്മിലെ ജോൺ എന്ന സന്യാസിയുടെ 'മൂന്നു രാജാക്കന്മാരുടെ കഥ' എന്ന ലത്തീൻ പുസ്തകത്തിലാണ് (1364-1373) മ്ഗുശന്മാർ ഇൻഡ്യയിൽനിന്നുള്ളവരായിരുന്നുവെന്ന് പറഞ്ഞത്. പക്ഷേ അവർ അറേബ്യ, നൂബിയ, സാബാ, താരീസ് എന്നിവിടങ്ങളിലെ രാജാക്കന്മാരായിയെന്നാണ് ഈ ഐതിഹ്യത്തിൽ പറയുന്നത്.

ജനുവരി 6 പെരുന്നാൾ സുറിയാനി സഭയ്ക്ക് ദനഹാപ്പെരുന്നാളാണ്. (രാക്കുളിപ്പെരുന്നാൾ എന്നും പറയും.) രാജാക്കന്മാരുടെതല്ല. ക്രിസ്മസ് പ്രത്യേക പെരുന്നാളാകും മുമ്പേ (4-ാം നൂറ്റാണ്ട്) കിഴക്കൻസഭകളിൽ അത് ജനനപ്പെരുന്നാളും കൂടിയായിരുന്നു. (ദനഹായും ക്യംതായും മാത്രമേ ആദിമസഭയിൽ പെരുന്നാളുകളായി ഉണ്ടായിരുന്നുള്ളു എന്നുമോർക്കണം.) പിറവംപള്ളിയിലെ പ്രധാന പെരുന്നാൾ ഇപ്പോൾ ദനഹാപെരുന്നാളാണ്.

മാർത്തോമ്മാക്രിസ്ത്യാനികളുടെ പ്രധാന തിരുന്നാളുകളിലൊന്ന് എപ്പിഫനിയായിരുന്നു. ചില സ്ഥലങ്ങളിൽ ഇതിന് രാക്കുളിപ്പെരുന്നാൾ എന്നാണ് പറഞ്ഞിരുന്നത്. അന്നു രാത്രി

യിൽ മാർത്തോമ്മാക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മാമോദീസാ യുടെ ഓർമ്മയ്ക്കായി നദിയിലോ, പുഴയിലോ കുളിച്ചിരുന്നു. ആദി മസഭയിൽ വിശ്വാസപഠിതാക്കൾക്ക് മാമോദീസാ നല്കിയിരു ന്നതു് ഉയിർപ്പ് ദനഹാ പെരുന്നാളുകളോട്ട് ചേർന്നായിരുന്ന തിനാൽ 'രാക്കുളി' വിശ്വാസികളുടെ മാമോദീസായുടെ അനു സ്മരണവും കൂടിയായിരുന്നു. ചില സ്ഥലങ്ങളിൽ പന്തങ്ങൾ കത്തിച്ച് പ്രദക്ഷിണങ്ങൾ നടത്തിയിരുന്നു.[18]

**രാജാക്കളുടെ പള്ളി എന്നതിന്റെ ആഗമം**

ഈ പള്ളിയിലെ പുരാതന ററവുത്തൾ ചിത്രീകരണങ്ങളിൽ കീഴ്നിരയിൽ തെക്കുഭാഗത്ത് മ്ഗുശന്മാർ (മ്ഗുശരാജാക്കൾ, വിദ്വാന്മാർ, ജ്ഞാനികൾ; മ്ഗുശരാജാക്കൾ ഇപ്പോൾ കൂജ രാജാക്കളായും വീണ്ടും പൂജരാജാക്കളായും രൂപഭേദം വന്നി രിക്കുന്നു) കാഴ്ച സമർപ്പിക്കുന്ന സന്ദർഭം ചിത്രീകരിച്ചിട്ടുണ്ട്.

മ്ഗുശ രാജാക്കൾ എന്നതിലെ മ് ഉച്ചരിക്കാതെ വിടുക വഴി ഗു(ക്കു)ജ(ശ) രാജാക്കളാക്കുകയും, കൂജ(ശ) അർത്ഥരഹിതമെന്നാ യപ്പോൾ പൂജരാജാക്കളെന്നാക്കുകയും ചെയ്തു നാം മിടുക്കരാ കുന്നു. എന്നിട്ട് പൂജ നടത്തിയ രാജാക്കളാണ് പൂജരാജാക്ക ളെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

ആദിമസഭയിലെ രണ്ടു പ്രധാന പെരുന്നാളുകളിൽ ഒന്നായ ദനഹ (എപ്പിഫനി, രാക്കുളി പെരുന്നാൾ) യേശുവിന്റെ ജനന വെളിപ്പെടലുകളുടെ സംയുക്ത ആഘോഷമായിരുന്നു. ജനന പ്പെരുന്നാൾ പിന്നീടാണ് നടപ്പിലായതെന്ന് നേരത്തേ സൂചി പ്പിച്ചു.

പോർട്ടുഗീസ് കാലഘട്ടത്തിൽ റോമൻ കത്തോലിക്കാ വിഭാഗത്തിലേക്ക് കുറുമാറിയവരിൽ ഒരു ന്യൂനപക്ഷം (തെക്കും ഭാഗർ) പിറവം പള്ളിയിൽത്തന്നെ തങ്ങളുടെ ആത്മിയാവ ശ്യങ്ങൾ നടത്തുന്നതു് തുടർന്നു, സമീപത്തു് കത്തോലിക്കാപ്പ ള്ളികൾ ഉണ്ടാകുന്നതുവരെ. തെക്കുംഭാഗക്കാരായ കത്തോ ലിക്കർ (ഇന്ന് ക്നാനായവിഭാഗം) വിശുദ്ധ രാജാക്കന്മാരുടെ നാമത്തിൽ കൊച്ചുപള്ളി സ്ഥാപിച്ച് പിരിഞ്ഞിട്ടേ അതവസാ

നിച്ചുള്ളൂ. ആ കാലയളവിൽ റോമൻ കത്തോലിക്കാക്രമ മനസരിച്ചുള്ള ആരാധനകളും പെരുന്നാളുകളും അക്കൂട്ടർ പിന്തുടർന്നു. അതുവരെ പിന്തുടർന്ന ജൂലിയൻ കലണ്ടറും അവർ ഉപേക്ഷിച്ച് ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഇവ തമ്മിൽ 10, 13 ദിവസങ്ങളുടെ വ്യത്യാസമുണ്ട്. മുമ്പ് വലിയ പള്ളിയിൽ ജൂലിയൻ കലണ്ടർപ്രകാരം പുത്തൻകൂർ വിഭാഗം ധനു 25 ജനനപ്പെരുന്നാൾ കൊണ്ടാടുന്ന ദിവസങ്ങളിൽ കത്തോലിക്കർ ഗ്രീഗോറിയൻ കലണ്ടർ പ്രകാരം ജനു. 6-ന് മ്ശ്ഉശ രാജാക്കൾ കാഴ്ചയർപ്പിക്കുന്നതിന് പ്രാധാന്യമുള്ള എപ്പിഫനി കൊണ്ടാടും. (ഏതാണ്ട് 1957 വരെ എങ്കിലും വ്യത്യസ്ത തീയതികളിൽ പെരുന്നാൾ ആചരിച്ചിരുന്നത് മുൻതലമുറയിൽപെട്ടവർക്ക് ഓർമ്മയുണ്ടാകും.) പെരുന്നാൾ കലണ്ടറുകളുടെ ഈ ഒത്തുചേരൽ രാജാക്കന്മാരുടെ പള്ളിയെന്ന് പറയപ്പെടുവാൻ ഇടയാക്കി.

നോമ്പു ലഘൂകരിക്കുന്നതും കലണ്ടർ മാറ്റുന്നതും സംബന്ധിച്ച ഒരു കല്പന 1946 ൽ പാത്രിയർക്കീസ് ബാവാ പുറപ്പെടുവിച്ചു. പക്ഷെ അത്  കേരളത്തിൽ വെളിച്ചം കണ്ടത് 1952-ലാണ്. (മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാസംരക്ഷകൻ 1952 ഡിസം.12) 1946 ധനു 7-ന് പുറപ്പെട്ട ആ കല്പനയിൽ 25 നോമ്പ് ധനു 15-ന് പ്രഭാതം മുതൽ 10 ദിവസത്തേക്കും, 15 നോമ്പ് ചിങ്ങം 10 മുതൽ 5 ദിവസവും, ശ്ലീഹന്മാരുടെ നോമ്പ് മിഥുനം 26 മുതൽ 3 ദിവസവും, ആയി കുറച്ചു.[19] ഗ്രീഗോറിയൻ കലണ്ടർ ഉപയോഗത്തിൽ വരുത്തുവാൻ 1957 വൃശ്ചികം 5-ന് വീണ്ടും പാത്രിയർക്കീസ് കല്പന പുറപ്പെടുവിച്ചതായി പറയപ്പെടുന്നു. അത് യഥാർത്ഥത്തിൽ നടപ്പിൽ വന്നത് അതിനു ശേഷമാണ്.  ഇതിനെ തുടർന്നാണ് വലിയപള്ളിയിലെയും കൊച്ചുപള്ളിയിലെയും ദനഹാ പെരുന്നാളുകൾ ഒരേ ദിവസമായതെന്ന് നേരിട്ടറിയാവുന്ന ധാരാളം പേർ പിറവത്ത് ജീവിച്ചിരിക്കുന്നു.

ആ ഇടക്കാലത്തെ പ്രചാരണങ്ങളാലാണ് ഈ പള്ളി രാജാക്കളുടെ നാമത്തിൽ അറിയപ്പെടുവാൻ ഇടയാക്കിയത്. സുറിയാനിപാരമ്പര്യത്തിൽ രാജാക്കളുടെ നാമത്തിൽ പള്ളി

സ്ഥാപിക്കുവാൻ സാദ്ധ്യത വളരെ വിരളമാണ്. എന്നാൽ റോമൻകത്തോലിക്കാ പാരമ്പര്യത്തിൽ സാദ്ധ്യതയുണ്ട്.

പള്ളിയുടെ മദ്ബഹായിലെ ബലിപീഠത്തിന്റെ പിന്നിലെ റവൃത്തളിൽ (മേശക്കു പിറകിലുള്ളത് - റിയോ ടാബുലം, റാത്തൾ, എറത്താൾ, എറത്താഴ് എന്നൊക്കെ രൂപപരിണാമം) പ്രധാനസ്ഥാനത്ത് ഉണ്ണിയേശുവിനെ വഹിച്ചുനില്ക്കുന്ന ദൈവ മാതാവാണുള്ളത്, രാജാക്കളല്ല. ആ ചിത്രീകരണം നടന്നത് പോർട്ടുഗീസ് കാലത്താണെന്നതിൽ വലിയ തർക്കവുമില്ല. കിഴക്കൻ സഭാപാരമ്പര്യത്തിൽ മാതാവിനെ ഒറ്റയ്ക്ക് ചിത്രീകരിക്കാറില്ലല്ലോ. പോർട്ടുഗീസ് കാലഘട്ടത്തിൽ പുനർ നിർമ്മിച്ചപ്പോൾ ഉണ്ടാക്കിവച്ച ഇതിൽ മാതാവിനെ പ്രധാന സ്ഥാനത്ത് ചിത്രീകരിച്ചത് അന്ന് മാതാവിന്റെ നാമത്തിലാണ് പള്ളി എന്നറിയാവുന്നതുകൊണ്ടാണ്.

കേരളത്തിൽ പൂജരാജാക്കളുടെ നാമത്തിലുള്ള പള്ളിസ്ഥാ പനത്തിന്റെ കഥയും കാലഘട്ടവും സംബന്ധിച്ചുള്ള ഒരു വിവ രണം കാണുക: 'മൂവാറ്റുപുഴയിൽ കച്ചവടത്തിനും ജോലിക്കുമായി കുടിയേറിയവർക്ക് വിളക്കു വച്ച് പ്രാർത്ഥിക്കുവാൻ 1819-ൽ അങ്ങാടിക്കരുകിൽ ഒരു കുരിശു സ്ഥാപിച്ചു. പിന്നീട് 1820-ൽ ആരക്കുഴ പള്ളിയുടെ കീഴിൽ മറിയം മഗ്ദലനയുടെ നാമത്തിൽ പള്ളി സ്ഥാപിച്ചു. 1904-ൽ എപ്പിഫനി സ്കൂൾ തുടങ്ങി. പാലാ രാമപുരം ദേശങ്ങളിൽ നിന്ന് വന്നവർ രാക്കുളിപ്പെരുന്നാൾ ആഘോഷിക്കുവാൻ പ്രേരിപ്പിച്ചു. 1912 മുതൽ കൺഫ്രറ്റേർ നിറ്റി (കൊംപ്രേരിയ) അഥവാ ദർശനം എന്ന ഭക്തസംഘടന യുടെ കീഴിൽ പൂജരാജാക്കളുടെ ദർശനത്തിരുന്നാൾ തുടങ്ങി. 1930-നു ശേഷം പള്ളി മ്ളശന്മാരുടെ (പൂജരാജാക്കളുടെ) നാമ ത്തിലാക്കി.'[20]

**പള്ളിയുടെ പേര്**

എന്നാൽ ആർച്ച് ബിഷപ്പ് മെനെസീസിന്റെ യാത്രാവിവര ണത്തിൽ പിറവത്ത് (Piravathu) എന്നതിന്റെ ചുരുക്കരൂപമായ Prouto പള്ളി വിശുദ്ധ മൂന്നു രാജാക്കൾക്ക് പ്രതിഷ്ഠിക്കപ്പെട്ടതാ

ണെന്ന് പറഞ്ഞിട്ടുണ്ട്.[21] ഡു ആങ്കിറ്റിൽ പിറവം മൂന്ന രാജാക്കളുടെ (Holy Magi Church) പള്ളി എന്നും കത്തോലിക്കരും യാക്കോബായക്കാരും ഉപയോഗിക്കുന്നുവെന്നും 1750-കളിൽ എഴുതി (വാല്യം 1, പേ. I.33). റൗളിൻ Farete എന്നാണ് പറയുന്നത് (പേ. 429). പൗലിനോസ് Parrota എന്നാണ് പിറവത്തെ വിളിച്ചത് (പേ. 267). പോർട്ടുഗീസ് രേഖകളിൽ Poroth എന്നാണുള്ളതെന്ന് പണ്ഡിതനായ ഫാ. ഡോ. ജി. കുരുക്കൂർ പറഞ്ഞ് അറിയാം. ഇതെല്ലാം റോമൻകത്തോലിക്കാ പ്രചാരണഫലമായി ഉണ്ടായവയാണ്. ഈ രേഖകളെല്ലാം ഉണ്ടാകുമ്പോൾ റൗത്തളിൽ പ്രധാനസ്ഥാനത്ത് മർത്ത മറിയാമമ്മ ചിത്രീകരിക്കപ്പെട്ടത് നിലനിന്നിരുന്നുവല്ലോ.

**പ്രോത്ത് പള്ളി**

എട്ടാം നൂറ്റാണ്ടിൽ പ്രോത്ത് (ഫ്രോത്ത്) എന്ന ഒരു മെത്രാൻ ബാബിലോണിയായിൽ നിന്ന് കേരളത്തിൽ വന്നു. അദ്ദേഹത്തെയും കൂടെ വന്ന ശബർ ഈശോ എന്ന മെത്രാനെയും (മാർ ആബ്രൂൻ ശബർ ഈശോ) വിശുദ്ധരായി കരുതിവന്നു. അദ്ദേഹത്തിന്റെ പേരാണ് പൊറോത്ത്, പുരവത്ത്, പോത്തൻ എന്നൊക്കെ രൂപം മാറിയത്. കോതമംഗലം വലിയപള്ളിയിലെ മണി 'നെല്ലിമറ്റത്ത് പൊറോത്ത കത്തനാരും മൊതലക്കൊടത്ത് ഔദേപ്പും കൂടെ വാർപ്പിച്ച്' എന്ന് രേഖയുണ്ട്.[22] ഒമ്പതാം ശതാബ്ദത്തിൽ പേർഷ്യയിൽനിന്ന് മലങ്കരയിൽ വന്ന വിശുദ്ധന്മാരായ മാർ സാബോർ, മാർ പ്രോത്ത് എന്നീ കൽദായമെത്രാന്മാർ ദക്ഷിണഭാരതത്തിൽ ധാരാളം പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്.[23] പോർട്ടുഗീസ് രേഖകളിൽ പിറവം പള്ളിയെ പോറോത്ത പള്ളി എന്ന് വ്യഹരിക്കുന്നത് ആ പിതാവിന്റെ പേരുമായി ബന്ധപ്പെട്ടതാകാം. മാർ ഫ്രോത്ത് ഉദയംപേരൂർ കേന്ദ്രമാക്കി ജീവിച്ചതായി രേഖകളുണ്ട്. പ്രോത്ത പള്ളി എന്ന പേരിൽ നിന്ന് പിറവം എന്ന സ്ഥലപ്പേര് ഉരുത്തിരിഞ്ഞതാകാം.

ആ കാലഘട്ടത്തിൽ കത്തോലിക്കാവിഭാഗത്തിന്റെ സ്വാധീനത്തിൽ എഴുതപ്പെട്ടുവെന്ന് കരുതാവുന്ന പെരുന്നാൾ

പട്ടിക വലിയപള്ളിയിലെ തെക്കേ ത്രോണാസിനരുകിൽ തെക്കേ ഭിത്തിയിൽ കാണാം. (ഇതിൽ കത്തോലിക്കാ പെരുന്നാൾപട്ടികയുടെ സ്വാധീനമുണ്ട്. തെക്കേ ത്രോണോസായിരുന്നിരിക്കുമോ അവർ ഉപയോഗിച്ചിരുന്നത്? പക്ഷെ, മൂന്നു നൂറ്റാണ്ടെങ്കിലും മുമ്പ് എഴുതപ്പെട്ടിരിക്കാനിടയുള്ള ഇതിലും രാജാക്കളുടെ പെരുന്നാളില്ല. കത്തോലിക്കാസഭ പുണ്യവാന്മാരുടെ പട്ടികയിൽ രാജാക്കൾക്ക് സ്ഥാനം നല്കിയിട്ടുള്ളതിനാൽ കൊച്ചുപള്ളി, ഹോളി മാഗി പള്ളിയായി. മുവാറ്റുപുഴയിലും പാലായിലും ഈ നാമത്തിൽ കത്തോലിക്കാ പള്ളികളുണ്ട്. പാലായിലുള്ളത് പിറവത്തു നിന്ന് കുടിയേറിയവർ സ്ഥാപിച്ചതാണെന്ന് പറയപ്പെടുന്നു[24] ധനു 18, 21 തുടങ്ങിയ (മാർത്തോമ്മാ ശ്ലീഹയുടെ) പെരുന്നാളുകൾ കത്തോലിക്കാസ്വാധീനം വെളിപ്പെടുത്തുന്നു. എന്നാൽ രാജാക്കന്മാരുടെ പെരുന്നാളിനെക്കുറിച്ചൊന്നും അതിൽ സൂചനയില്ല. (പിറവം കലണ്ടറിനെക്കുറിച്ച് വായിക്കുക: ഓർത്തഡോക്സ് ഹെറാൾഡ്, വാല്യം II, നമ്പർ 2, മാർച്ച് 14, 1984; http://Malankara orthodox.tv/ MOSC writers/P.Thomas)

മലയാള അക്കങ്ങളിൽ പത്ത്, ഇരുപത്, മുപ്പത്, നാല്പത്, ഇവകൾക്കൊക്കെ പ്രത്യേക അക്കം നിലനിന്ന കാലത്താണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. മലയാളത്തിൽ ആദ്യം അച്ചടിക്കപ്പെട്ട വേദപുസ്തകത്തിലെ (1811-ൽ) ലിപികളോട്ട് ഇതിന് അടുപ്പമുണ്ട്. മലങ്കരമെത്രാനായിരുന്ന പുന്നത്ര മാർ ദിവന്നാസിയോസ് മൂന്നാമന്റെ അപേക്ഷയെത്തുടർന്ന് റോമൻവിഭാഗത്തിലെ തെക്കുംഭാഗരുടെ പിറവം പള്ളിയിലെ കൂട്ടവകാശം നീക്കി തിരുവിതാംകൂർ റാണി പാർവ്വതി ഭായി വിളംബരം ചെയ്തു (1821 ധനു 8). തുടർന്ന് 1821 ഇടവം 21 ന് വിശുദ്ധ രാജാക്കളുടെ നാമത്തിൽ കൊച്ചുപള്ളി സ്ഥാപിച്ച് അവർ പിരിഞ്ഞു. കൊച്ചുപള്ളി ഉണ്ടായപ്പോഴാണ് പിറവം പള്ളി 'വലിയപള്ളി' യായത്. (1653 മുതൽ പള്ളികളിൽ ഇരുവിഭാഗവും തമ്മിൽ നടന്നുവന്നിരുന്ന തർക്കങ്ങൾ 19-ാം നൂറ്റാണ്ടു മദ്ധ്യം വരെയും പലയിടങ്ങളിലും തുടർന്നിരുന്നുവെന്ന് ഓർക്കേണ്ടതാണ്.)

പിറവം പള്ളി മലങ്കരയിലെ മറ്റു പുരാതന പള്ളികളെപ്പോലെ മർത്ത മറിയാമിന്റെ നാമത്തിലുള്ളതാണ്. അത് പൂർവ്വിക സഭയുടെ പാരമ്പര്യമാണല്ലോ. പണ്ട് ഈ ദേവാലയം രാജാക്കന്മാരുടെ പേരിലായിരുന്നു, പിന്നീടെന്നോ പേരു മാറ്റി എന്ന് പറയുന്നവരുണ്ട്.[25] ഊഹാപോഹത്തിനപ്പുറം വസ്തുനിഷ്ഠമായി ആരും പറഞ്ഞു കണ്ടിട്ടില്ല. പാത്രിയർക്കീസ് ബാവായാണ് ഇങ്ങനെ പേരു മറ്റിയതെന്ന് ചിലർ പറയുന്നത് ബാവായുടെ പേര് വെറുതെ വലിച്ചിഴച്ച് പ്രാമാണ്യം ഉണ്ടാക്കുന്നതിനാണ്.

1939-ൽ ഈ പള്ളിയിലെ 4 കത്തനാർമാരും, മറ്റ് 24 കമ്മറ്റിക്കാരും കക്ഷികളായി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ എഴുതി രജിസ്റ്റർ ചെയ്ത ഉടമ്പടിയിൽ 'ഈ പള്ളി മ്ശ്ശിഹ രാജശ്രേഷ്ഠന്മാർ കാഴ്ചകളോടെ വണങ്ങുന്ന ഉണ്ണിമശിഹാ തമ്പുരാനെ പേറിയിരിക്കുന്ന വി. കന്യക മറിയാമമ്മയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ളതാണെന്ന്' അക്കാലത്തെ തലമുറയുടെ ധാരണ രേഖപ്പെടുത്തിയിട്ടുണ്ട്.

1973-ൽ പ്രസിദ്ധീകരിച്ച കണ്ടനാട്ട് മെത്രാസനഡയറക്ടറിയിൽ പിറവം പള്ളിയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: 'ആയിരത്തഞ്ഞൂറിൽപരം വർഷം പഴക്കമുള്ള ഒരു പ്രസിദ്ധ ദേവാലയമാണ് പിറവം വലിയ പള്ളി. രാജാക്കന്മാരുടെ (മ്ശ്ശിഹന്മാർ) പള്ളി എന്ന് സാധാരണക്കാർ ഈ പള്ളിയെപ്പറ്റി പറയാറുണ്ടെങ്കിലും വി.കന്യകമറിയാമിന്റെ നാമത്തിലാണ് ഈ പള്ളി സ്ഥാപിച്ചിരിക്കുന്നത്.' കഴിഞ്ഞ തലമുറയെ പുതതലമുറ തിരുത്തുമ്പോൾ അതിന് എന്തെങ്കിലുമൊക്കെ ആധാരം കണിക്കേണ്ടതല്ലേ?

മർത്തമറിയാമിന്റെ നാമത്തിലുള്ള പള്ളിയെപ്പറ്റി ചിലർ ഇന്ന് രാജാധിരാജ എന്നൊക്കെ യുക്തിരഹിതമായി ചേർക്കുംപോലെ ആരെങ്കിലും രാജാക്കളുടെ പള്ളി എന്ന് ഏതെങ്കിലും കാലത്ത് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞെന്നിരുന്നാലും ഔദ്യോഗികമായ പേരുമാറ്റം ഒരിക്കലും ഉണ്ടായിട്ടില്ല. ഉണ്ടാകേണ്ട കാര്യവുമില്ല. പിന്നെന്തിന് ആരെങ്കിലും പേരു മാറ്റിയിടണം?

സ്ഥാപനകാലം മുതലേ പിറവത്തുപള്ളി വിശുദ്ധ കന്യകമറിയാമമ്മയുടെ നാമത്തിലാണ്. രാജാക്കന്മാരുടെ പള്ളി എന്ന് അജ്ഞത മൂലം പറയുന്നതിന് പാരമ്പര്യത്തിന്റെയും ചരിത്രത്തിന്റെയും പിൻബലമില്ലെന്നത് പകൽപോലെ വ്യക്തമാണ്. അബദ്ധങ്ങൾ ആവർത്തിച്ച് ചരിത്രമുണ്ടാക്കേണ്ട ഒരാവശ്യവുമില്ലെന്ന് മേല്പറഞ്ഞ വസ്തുതകൾ വിലയിരുത്തി തീരുമാനിക്കാവുന്നതാണ്. അതിനുള്ള വിവേകം ദൈവംതമ്പുരാൻ ബന്ധപ്പെട്ടവർക്കൊക്കെ നൽകണമേ എന്നാണ് ഈയുള്ളവന്റെ പ്രാർത്ഥന.

## കുറിപ്പുകൾ

1 എ. ശ്രീധര മേനോൻ, കേരള സംസ്കാരം, വിജയാ പ്രിന്റേഴ്സ്, ഒളശ്ശ, എൻ.ബി.എസ്. കോട്ടയം. 1982, പേജ്. 68

2 ജോസഫ് ഇടമറുക്, പിറവം വലിയ പള്ളി, മലയാള മനോരമ ആഴ്ചപ്പതിപ്പ്, 1959 ജൂലായ് 4

3 ഡോ. ഗീവറുഗീസ് ചേടിയത്ത്, സഭാചരിത്രപഠനങ്ങൾ, ഒറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ് കോട്ടയം, 1982 പേജ് 60

4 വറുഗീസ് ജോൺ, തോട്ടപ്പുഴ. മലങ്കരസഭാദീപം 1996 ഡിസം.16-31. Vol .3/4

5 Leela Menon, Indian Express, 1993 Aug. 19

6 ഡി.ബാബു പോൾ, അവതാരിക. പിറവം വലിയ പള്ളി. സി.പി.വറുഗീസ്

7 ഡോ. ഗീവർഗീസ് ചേടിയത്ത്, സഭാചരിത്രപഠനങ്ങൾ, ഒറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ്, കോട്ടയം, 1982 പേ. 67

8 ടി. പേ. 31

9 ടി.ടി അബ്രാഹം, മ്ശിഹായുടെ മാതാവ്, ജയ്ഭാരത് പ്രസ്സ്, ആലുവ. 1951. പേജ്. 72

10 ടി. പേ. 72

11 ടി. പേ. 73

12 ടി. പേ. 74

13 ടി. പേ. 78 Foot note

14 ഫാദർ ടി.ജെ.ജോഷ്വ, വിശുദ്ധനാട്ടിൽ, Nalathra Printers, Kottayam.1975. പേ. 51

15 ടി. പേ. 95, 96
16 ഫാ. ജോസഫ് പീടികയിൽ, മാർത്തോമ്മാശ്ലീഹായുടെ ചരിത്രം പേ. 222, 223
17 V.C.George. Apostalate and Martyrdom of St.Thomas, P.118 quoted from Antiquities from Santhome and Mylapore. P. 480
18 ക്രൈസ്തവവിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, 1975 പേ. 33, Rev.Dr. പ്ലാസിഡ് ജെ. പൊടിപാറ CMI, കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, പ്രകാശം പ്രസിദ്ധീകരണ സംഘം, ആലപ്പുഴ. 1974. പേ. 118
19 ഇ.എം.പീലിപ്പോസ്, മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ, ഭാരത് പ്രസ്സ്, കോട്ടയം, 1951 രണ്ടാം പതിപ്പ്. പേ. 385 Foot Note
20 റവ. ഫാ. ഡോ. ജി. കുരുക്കൾ, ഒരു വംശവും പല നാടുകളും: കുരുക്കൾ പാലത്തുങ്കൽ കുടുംബചരിത്രം 1, 2002, പേ. 31, 32, 77, 85, 232-253
21 Jornada of Dom Alexis de Menezes, Ed. Pius Malekandathil, LRC Publications, 2003,പേ. 428, 432
22 റവ. ഫാ. ഡോ. ജി. കുരുക്കൾ, ചായൽ മുതൽ കാരക്കുന്നം വരെ: നെട്ടം ചാലിൽ ചാത്തൻകണ്ടം കുടുംബചരിത്രം, ഒന്നാംഭാഗം, 2002. പേ. 19, 21
23 മുണ്ടയ്ക്കൽ തരകൻ കുടുംബം, സംക്ഷിപ്തചരിത്രം, പബ്ലീഷർ: ജേക്കബ് എ. മുണ്ടയ്ക്കൽ, 1991. പു. 140, ഉദ്ധ. ഫാ. ബർണാദ് തോമസ്, മാർത്തോമ്മാ ക്രിസ്ത്യാനികൾ ഭാഗം1, മാർ തോമാ പ്രസ്, പാലാ, 1916, പേ. 64
24. ജോസഫ് ഇടമറുക്, പിറവം വലിയ പള്ളി, മലയാള മനോരമ ആഴ്ചപ്പതിപ്പ്, 1959 ജൂലായ് 4
25 ചെറുവാണ്ടൂർ ജോയി, മനോരാജ്യം വാരിക.1984 ഏപ്രിൽ 25

## പി.തോമസ് പിറവം

പിറവം (വെട്ടുവഴി) വടക്കേ നെല്ലിക്കുഴിയിൽ പൈലിയുടെയും മുളക്കുളം ചെമ്മനത്തേൽ ശോശാമ്മയുടെയും മകൻ. പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം. കേരള വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എൻജിനിയറായിരുന്നു. ഓർത്തഡോക്സ് ക്രൈസ്തവയുവജന പ്രസ്ഥാനത്തിന്റെ പിറവം മേഖലാ ഓർഗനൈസർ, കണ്ടനാട് ഭദ്രാസന സെക്രട്ടറി, കേന്ദ്രക്കമ്മറ്റിയംഗം തുടങ്ങിയ ചുമതലകൾ നിർവ്വഹിച്ചു. എം.കെ.എം. സൺഡേ സ്കൂൾ അദ്ധ്യാപകനും ഡിസ്ട്രിക്ട് സൺഡേ സ്കൂൾ ഇൻസ്പെക്ടറുമായിരുന്നു. ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ പ്രസ്ഥാനത്തിനു വേണ്ടി ഗാനങ്ങളും പാഠങ്ങളും രചിച്ചിട്ടുണ്ട്. കോട്ടയം ഓർത്തഡോക്സ് സെമിനാരി ദിവ്യബോധനം പഠനപദ്ധതിയുടെ കണ്ടനാട്ട ഭദ്രാസനഡയറക്ടറായിരുന്നിട്ടുണ്ട്. 2002-2007 കാലയളവിൽ സഭാമാനേജിങ് കമ്മറ്റിയംഗമായിരുന്നു. ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന്റെ എഴുത്തുകാരിൽ ഒരാൾ. ഓർത്തഡോക്സ് സഭാഗായകസംഘത്തിന്റെ കേന്ദ്ര ഭദ്രാസന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാണ്. വചനത്തിന്റെ നീരുറവകൾ, കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ-വ്യക്തിയും കാലവും, പൗരസ്ത്യ ക്രൈസ്തവദർശന കർമ്മയോഗി, യുഗതേജസ്സ്, മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി, പാത്താമുട്ടം മാളികയിൽ എം.സി കുറിയാക്കോസ് റമ്പാൻ, മാവേലിക്കര പടിയോല, മാർ ഒസ്താത്തിയോസ് അഞ്ചാമത്തെ സുവിശേഷം, പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയുടെ വെള്ളിനക്ഷത്രം എന്നീ പുസ്തകങ്ങളിൽ ലേഖനങ്ങൾ എഴുതി. വൈഖരി-കണ്ടനാട് ഭദ്രാസനപഞ്ചരജതജൂബിലിസ്മരണിക, പ്രണാമം-സി.ടി. കുര്യാക്കോസച്ചൻ നൂറിന്റെ നിറവിൽ എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായിരുന്നു. സഭാചരിത്ര സംബന്ധമായി സഭാപ്രസിദ്ധീകരണങ്ങളിൽ എഴുതാറുണ്ട്. മലങ്കര ഓർത്തഡോക്സ് സഭാപ്രസിദ്ധീകരണ വിഭാഗത്തിന്റെ പുസ്തകങ്ങളുടെ അച്ചടിക്കു മുമ്പുള്ള ജോലികളിൽ സഹായിക്കുന്നു. വായനപ്പടി ഏവൻ ഗേല്യോൻ (2004) പ്രസിദ്ധീകരിക്കുന്നതിൽ സഹകരിച്ചു. ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രവർത്തനങ്ങളിൽ പങ്കാളിയാണ്.



ഭാര്യ: പിറവം എം.കെ. എം. ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്ന ആക്കൽതോട്ടോത്ത് എ.ജെ. മേരി. മക്കൾ: ലീന, ലിസ. ജാമാതാക്കൾ: സിറിയക് കാപ്പൻ, ജിജോ പീറ്റർ. പേരക്കുട്ടികൾ: തോമസ് ഗ്രെയ്സ്, ലിയാൻ, ജുവൽ.



പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ (വലിയപള്ളി)
തെക്കേ ത്രോണോസിന്റെ തെക്കേ ഭിത്തിയിലെ പെരുന്നാൾ പട്ടിക